<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5340</u> <u>05-07-2024 - ൽ മറുപടിയ്ക്ക്</u>

<u>ആർട്സ് & സയൻസ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ (മലയാളം) തസ്തികയിലെ നിയമനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നാലുവർഷ ബിരുദ പ്രോഗ്രാം നിലവിൽ വരുന്നതോടെ ബിരുദതലത്തിൽ മലയാളഭാഷാ പഠനത്തിനുള്ള പഠനസമയം കുറയുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കരിക്കുലം കമ്മിറ്റി മുന്നോട്ടുവച്ച പുതിയ കരിക്കുലം ഘടനയിലും വിദ്യാർത്ഥികൾക്ക് മുമ്പുള്ള പോലെ തന്നെ മലയാളം അടക്കമുള്ള ഭാഷകൾ ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായി പഠിക്കുന്നതിന് അവസരമുണ്ട്. അതിനു പുറമേ പുതിയ കരിക്കുലം മുന്നോട്ടുവയ്ക്കുന്ന ഫ്ളെക്സിബിലിറ്റി ഉപയോഗപ്പെടുത്തി ഭാഷാ പഠനത്തിൽ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് അവരുടെ മുഖ്യവിഷയങ്ങൾക്കൊപ്പം മലയാളം അടക്കമുള്ള ഭാഷാ വിഷയങ്ങൾ മൈനർ വിഷയങ്ങളായി പഠിക്കാനുള്ള അവസരമുണ്ട്. പുതിയ കരിക്കുലം ഘടന പ്രകാരം ഇത്തരത്തിൽ മൈനറായി പഠിക്കുന്ന വിഷയത്തിലും വിദ്യാർത്ഥികൾക്ക് പി.ജി. അടക്കമുള്ള ഉപരിപഠനത്തിനുള്ള അർഹതയുണ്ടായിരിക്കും.<br><br>നിലവിൽ ഭാഷാപഠന വകുപ്പുകൾ ഇല്ലാത്ത കോളേജുകളിലും, നിലവിൽ രണ്ടാം ഭാഷയായി നൽകുന്ന എല്ലാ വിഷയങ്ങളും നാല് വർഷ ബിരുദത്തിൻറെ ഭാഗമായി 12 ക്രെഡിറ്റ് മുതൽ 36 ക്രെഡിറ്റ് വരെയുള്ള മൈനർ കോഴ്സ് ആയി നൽകാനുള്ള അവസരം ഉണ്ട്. അതുവഴി നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള മുഴുവൻ വർക്ക് ലോഡും ഉപയോഗപ്പെടുത്താൻ എല്ലാ ഭാഷാ വിഷയങ്ങൾക്കും സാധിക്കുന്നതാണ്.<br><br>ഇതിനുപുറമേ ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായ മൾട്ടി ഡിസിപ്ലിനറി കോഴ്സുകളുടെ (MDC) കോഴ്സ് ബാസ്കറ്റ് വഴി ഒന്നിലധികം MDC കോഴ്സുകൾ ഭാഷാ വിഷയങ്ങളിൽ നൽകാൻ സാധിക്കും. ഇതുവഴി സാഹിത്യം, കവിത തുടങ്ങി വിദ്യാർത്ഥികളിൽ സർഗാത്മകത പരിപോഷിപ്പിക്കാൻ ആവശ്യമായ കോഴ്സുകൾ നൽകാനുമുള്ള അവസരം ഉണ്ട്. |

| | | | |
|---|---|---|---|
| | | | ഭാഷാ സാഹിത്യത്തിനു പുറമെ സാംസ്കാരിക പഠനം, ചലച്ചിത്ര പഠനം തുടങ്ങിയ വിഷയങ്ങളും ഇത്തരം വകുപ്പുകൾക്ക് മൈനർ വിഷയങ്ങളായി നൽകാനും കൂടുതൽ വിദ്യാർത്ഥികളെ ഈ വിഷയത്തിലേയ്ക്ക് ആകർഷി ക്കാനുമുള്ള അവസരം നവീകരിച്ച പാഠ്യപദ്ധതിയ്ക്കുണ്ട്.<br><br>പാഠ്യപദ്ധതി നവീകരണത്തിന്റെ ഭാഗമായി ഭാഷാ പഠനത്തിന് കൂടുതൽ അവസരമാണ് കൈവന്നിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ആശങ്കകൾ അടിസ്ഥാന രഹിതമാണ്. |
| (ബി) | ആർട്സ് & സയൻസ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ (മലയാളം) തസ്തികയിലേക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണ്; ഇതുവരെ എത്രപേരെ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമിച്ചു; വ്യക്തമാക്കാമോ; | (ബി) | കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ (മലയാളം) (കാറ്റഗറി നമ്പർ - 289/2019) തസ്തികയുടെ റാങ്ക് പട്ടിക 21.06.2023 തീയതിയിൽ നിലവിൽ വന്നിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശകൾ നടന്നിട്ടില്ല. |
| (സി) | പ്രസ്തുത നിയമന നടപടികൾ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | പി.ജി. കോഴ്സുകൾക്ക് നൽകിവന്നിരുന്ന അധിക വെയിറ്റേജ് 01.06.2020 പ്രാബല്യത്തിൽ ഒഴിവാക്കിയതിനെത്തുടർന്ന് മതിയായ വർക്ക് ലോഡ് ഇല്ലാത്ത അധിക അധ്യാപക തസ്തികകൾ ക്രമീകരിക്കേണ്ടതുള്ളതിനാൽ മലയാളം ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ 01.06.2020-നു ശേഷം ഉണ്ടായ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നില്ല. അധിക അധ്യാപക തസ്തികകൾ ക്രമീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ